**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **10-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള റവന്യൂ കണക്കുകൾ .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിന്റെ ഭാഗമായി പുഴ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത നാശനഷ്ടങ്ങളുടെ കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രകൃതിക്ഷോഭത്തിൽ മട്ടന്നൂർ നിയോജ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിക്കുന്ന നടപടി ജില്ലാതലത്തിൽ നടന്നു വരികയാണ്. |
| (ബി) | ദുരന്തത്തിൽ വീടുകളും മറ്റ് ജീവിതോപാധികളും നഷ്ടപ്പെട്ടവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കാലവർഷത്തിൽ ശക്തമായ മഴയും ഉരുൾപൊട്ടലും കാരണം നാശനഷ്ടങ്ങൾ ഉണ്ടായ കണ്ണവം മേഖലയിൽ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും ആവശ്യഘട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ച് ആളുകളെ മാറ്റിപ്പാർപ്പിച്ചിട്ടുള്ളതുമാണ്. പ്രകൃതിക്ഷോഭത്തിൽ വീടുകളും മറ്റ് ജീവിതോപാധികളും നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള അർഹമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പെയ്ത കനത്ത മഴയിൽ സംഭവിച്ച നാശനഷ്ടങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09/09/2024ന് ചേർന്ന യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും SDRFയും CMDRFയും ചേർന്ന് പരമാവധി ധനസഹായം പഴയതുപോലെ നഷ്ടത്തിന്റെ തോത് വിവിധ സ്ലാബുകളാക്കി നിലനിർത്തി അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ദുരന്തത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് പരിഗണിക്കുമോ? | (സി) | കാലവർഷത്തിൽ ശക്തമായ മഴയും ഉരുൾപൊട്ടലും കാരണം നാശനഷ്ടങ്ങൾ ഉണ്ടായ കണ്ണവം മേഖലയിൽ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും ആവശ്യഘട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ച് ആളുകളെ മാറ്റിപ്പാർപ്പിച്ചിട്ടുള്ളതുമാണ്. പ്രകൃതിക്ഷോഭത്തിൽ വീടുകളും മറ്റ് ജീവിതോപാധികളും നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള അർഹമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പെയ്ത കനത്ത മഴയിൽ സംഭവിച്ച നാശനഷ്ടങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09/09/2024ന് ചേർന്ന യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും SDRFയും CMDRFയും ചേർന്ന് പരമാവധി ധനസഹായം പഴയതുപോലെ നഷ്ടത്തിന്റെ തോത് വിവിധ സ്ലാബുകളാക്കി നിലനിർത്തി അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ